Malappuram District Police

# മലപ്പുറത്ത് ചീട്ട് കളി സംഘത്തെ പിടികൂടി

മലപ്പുറം (07.06.2017): മലപ്പുറം ആലത്തൂർപടിയിൽ സ്വകാര്യവ്യക്തിയുടെ കെട്ടിടത്തിൽ പണം വെച്ച് ചീട്ട് കളി നടത്തുകയായിരുന്ന അഞ്ചംഗ സംഘത്തെ മലപ്പുറം പോലീസ് പിടികൂടി.

മലപ്പുറം പൈത്തിനിപ്പറമ്പ് സ്വദേശി തറക്കൽ അബ്ദുൽ സലീം (57), പുല്ലഞ്ചേരി സ്വദേശി കോട്ടക്കത്ത് ബഷീർ (42), മഞ്ചേരി മുട്ടിപ്പാലം സ്വദേശി നെല്ലൂക്കിൽ ഷഹീദ് അലി (32), ആലത്തൂർപടി കോട്ടേജ്ജിൽ താമസിക്കുന്ന വടിവേലു (46), ആനക്കയം ചേപ്പൂർ സ്വദേശി മഞ്ഞപ്പള്ളി അബ്ദുള്ള (45) എന്നിവരാണ് പിടിയിലായത്. ഇവരിൽ നിന്നും മുപ്പത്തയ്യായിരം രൂപയോളം പിടിച്ചെടുത്തു.

മലപ്പുറം എസ്.ഐ ബി.എസ്. ബിനുവിൻെറ നേതൃത്വത്തിൽ ASI അഷ്റഫ്, സ്പെഷ്യൽ സ്ക്വാഡ് അംഗം എസ്.എ. മുഹമ്മദ് ഷാക്കിർ എന്നിവരും ഹൈവേ പോലീസും അടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.